**DEPARTMENT OF AGRICULTURE**

# FARM INFORMATION BUREAU

**PRESS RELEASE**

PR . 188/2017 10 11 2017

## ഹരിതാഭമായ ഹരിതവിപ്ലവം നമ്മുടെ ആവശ്യം: കൃഷി മന്ത്രി വി. എസ് സുനിൽകുമാർ

രാസവളങ്ങളും കീടനാശിനികളും കൊണ്ടുള്ള ഹരിതവിപ്ലവമല്ല,മറിച്ച് ജൈവിക സമ്പത്ത് നിലനിർത്തിക്കൊണ്ട് കൂടുതൽ പ്രകൃതിയെ ഹരിതാഭമാക്കുവാനുള്ള കാർഷിക വിപ്ലവമാണ് നമുക്ക് ആവശ്യമെന്ന് കൃഷിമന്ത്രി അഡ്വ. വി. എസ്. സുനിൽകുമാർ പറഞ്ഞു. ഗ്രേറ്റർ നോയിഡയിൽ നടക്കുന്ന ലോക ജൈവ കോൺഗ്രസ്സിന്റെ രണ്ടാം ദിവസം പ്ളീനറിസെക്ഷനിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ജൈവകൃഷി വ്യാപനരംഗത്ത് കേരളത്തിലുണ്ടായിട്ടുള്ള മുന്നേറ്റങ്ങൾ അദ്ദേഹം വിവരിച്ചു. പ്രത്യേക കാർഷിക മേഖല സോണുകൾ, എക്കോഷോപ്പുകൾ, കേരളാ ഓർഗാനിക് ബ്രാൻഡിലുള്ള ഉത്പന്നങ്ങൾ തുടങ്ങി പല ചുവടുവയ്പുകൾ സംസ്ഥാനത്ത് നടത്തിയിട്ടുള്ളതായി അദ്ദേഹം അറിയിച്ചു. ചടങ്ങിൽ കേരളത്തിൽ നിന്നുള്ള ജൈവ കർഷകസമിതി യിലെ പ്രതിനിധിയായി അശോക് കുമാർ രചിച്ച **ഡിസീസ് സ്പോണിങ് കെമിക്കൽ ഫെർട്ടിലൈസേഴ്സ്** എന്ന ഗ്രന്ഥം മന്ത്രി പ്രകാശനം ചെയ്തു.

കോൺഗ്രസ്സിന്റെ ആദ്യ ദിവസം അദ്ദേഹം കേരള പവലിയൻ ഉദ്ഘാടനം നടത്തിയിരുന്നു. മൂന്നു ദിവസം നീണ്ടു നിൽക്കുന്നലോക ജൈവ കോൺഗ്രസ്സ് നവംബർ 9 മുതൽ 11 വരെയാണ്. ജൈവകോൺഗ്രസ്സിന്റെ ഉദ്ഘാടനം 9 ന് രാവിലെ നടന്ന ചടങ്ങിൽ കേന്ദ്ര കൃഷി മന്ത്രി താഹമോഹൻസിംഗ് നിർവ്വഹിക്കുകയുണ്ടായി. ഉദ്ഘാടന ചടങ്ങിൽ സിക്കിം മുഖ്യമന്ത്രി പവൻ ചാമ്ലിങ്, യു.പി കൃഷിമന്ത്രി സൂര്യപ്രതാപ് ശാസ്ത്രി, അന്താരാഷ്ട്ര ജൈവ കർഷക സംഘടനയുടെ പ്രസിഡന്റ് ആന്ദ്രേലേയു എന്നിവർ പങ്കെടുത്തു.

ഏകദേശം 100 ലധികം രാജ്യങ്ങളിൽ നിന്നും ജൈവകർഷകരും കാർഷിക വിദഗ്ദ്ധരും കോൺഗ്രസ്സിൽ പങ്കെടുക്കുന്നുണ്ട്.

Farm Information Bureau ,Kowdiar, Thiruvananthapuram- 695 003
e-mail: fibtvm@gmail.com
Telephone 0471-2317314, Fax 0471-2318186

ജൈവകൃഷി സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട് 150– ലധികം പഠനപ്രബന്ധങ്ങളും ഈ ദിവസങ്ങളിലായി അവതരിപ്പിക്കുന്നു്. നാടൻ വിത്തുകളുടെ പ്രദർശനം, കർഷകരുടെ കലാവിരുന്ന്, ജൈവഉത്പന്നങ്ങളുടെ പ്രദർശനം, ചെറുധാന്യങ്ങൾ കൊുള്ള ഭക്ഷണം എന്നിവ മേളയുടെ പ്രത്യേകതകളാണ്. കോൺഗ്രസ്സിൽ കേരളത്തിൽ നിന്നുള്ള 11 ജൈവകർഷകരുടെ പ്രസന്റേഷനും ഉായിരുന്നു. സംസഥാനത്തിന്റെ ജൈവകാർഷിക നയത്തിന് ശക്തിപകരുന്ന രീതിയിലുള്ള വ്യാപാര ബന്ധങ്ങൾകൂടി സ്ഥാപിച്ചെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് കൃഷിവകുപ്പ് ഈ ജൈവകോൺഗ്രസ്സിൽ പങ്കാളിയായിരിക്കുന്നത്.

പ്രിൻസിപ്പൽ ഇൻഫർമേഷൻ ആഫീസർ